പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1182 08.02.2013ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.ആർ. രാജേഷ്<br>ഡോ.കെ.ടി.ജലീൽ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഈ കോളേജുകളിൽ മുഴുവൻ സീറ്റിലും പ്രവേശനം നടക്കാറുണ്ടോ; ഇതു സംബന്ധമായി അവലോകനം നടത്തുകയുണ്ടായോ; വിശദമാക്കാമോ; | എ) സംസ്ഥാനത്ത് ആകെ 141 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തി ക്കുന്നുണ്ട്. പ്രസ്തുത കോളേജുകളിലെ മുഴുവൻ സീറ്റിലും പ്രവേശനം നടക്കാറില്ല. ഇതു സംബന്ധിച്ച് പ്രത്യേക അവലോകനം നടത്തിയിട്ടില്ല. |
| ബി) ഈ അദ്ധ്യയനവർഷം സംസ്ഥാനത്താകെ എത്ര എഞ്ചിനീയറിംഗ് സീറ്റുകൾ നികത്തപ്പെടാതെയുണ്ട്; കോളേജ് തിരിച്ചുള്ള കണക്ക് ലഭ്യമാണോ; വ്യക്തമാക്കാമോ; | ബി) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റിനു ലഭ്യമായ 22,079 സീറ്റുകളിൽ (മെറിറ്റ് സീറ്റുകൾ) 14,817 സീറ്റുകളിലേക്ക് അലോട്ട് മെന്റ് നടത്തിയിട്ടുണ്ട്. വിദ്യാർത്ഥി കളിൽ നിന്നും ആവശ്യമായ ഓപ്ഷനുകൾ ലഭിക്കാതിരുന്ന തിനാൽ ബാക്കിയുള്ള 7,262 സീറ്റുകളിൽ അലോട്ട്മെന്റ് നടത്താൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് കോളേജ് തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു. |

സി) പുതിയ സ്വാശ്രയ കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഈ സർക്കാർ ഇതിനകം നൽകിയ അനുമതികൾ എത്ര;

സി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം 32 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ഡി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാര ത്തകർച്ച സംബന്ധിച്ച് ഹൈക്കോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ കോളേജ് മാനേജ്മെന്റുകളെ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുവരുത്തി ചർച്ച നടത്തുകയും അപാകതകൾ എത്രയും വേഗം പരിഹരിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിനും അല്ലാത്തപക്ഷം അത്തരം കോളേജുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോളേജുകൾക്കെതിരെ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ചട്ടങ്ങളിൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം വർഷവും രണ്ടാം വർഷവും 25 ശതമാനവും മൂന്നാം വർഷം 30 ശതമാനവും നാലാം വർഷം 35 ശതമാനവും വിജയം ഇല്ലാത്ത കോളേജുകൾ നടത്തുന്ന കോഴ്സുകൾക്ക് തുടർ അംഗീകാരം നൽകേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം [illegible] മാത്രമാണ്